പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 134 02.05.2017-ലെ മറുപടിക്ക്

**കെ.യു.ആർ.ടി.സി. ബസുകളുടെ സുരക്ഷ**

**ചോദ്യം**

ശ്രീ. അബ്ദുൽ ഹമീദ് പി.
'' ടി.എ.അഹമ്മദ് കബീർ
'' എം.ഉമ്മർ
'' പാറക്കൽ അബ്ദുല്ല

**ഉത്തരം**

തോമസ് ചാണ്ടി
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.യു.ആർ.ടി.സി. ബസുകളുടെ സുരക്ഷയെ സംബന്ധിച്ച ആശങ്ക കളുയർത്തുന്ന റിപ്പോർട്ടുകൾ ഗൗരവപൂർവ്വം പരിശോധിച്ചിട്ടു ണ്ടോ; | (എ) | ഉണ്ട്. കെ.യു.ആർ.ടി.സിയുടെ സെമി ലോ ഫ്ളോർ നോൺ എ.സി ബസ് തൊടുപുഴയ്ക്ക് സമീപം തീ പിടിച്ച് കത്തി നശിക്കുകയുണ്ടായി. ഇത് എപ്രകാരം സംഭവിച്ചു എന്നു കണ്ടെത്തുന്നതിനുള്ള പരിശോധനകൾ നടന്നു വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി./കെ.യു.ആർ. ടി.സി. യുടെ കീഴിൽ എത്ര ലോ ഫ്ളോർ, എ.സി., നോൺ എ.സി. ബസുകളുണ്ടെന്നും അവയിൽ സർവ്വീസ് നടത്താൻ യോഗ്യമാ യവ എത്രയാണെന്നും വ്യക്തമാ ക്കുമോ; | (ബി) | കെ.യു.ആർ.ടി.സി യുടെ കീഴിൽ 667 ബസ്സു കൾ ഉണ്ട്. (ലോ ഫ്ളോർ എ.സി - 190, നോൺ എ.സി - 477) ഇതിൽ 24.04.2017-ലെ കണക്കുപ്രകാരം 512 എണ്ണം സർവ്വീസ് നടത്താൻ യോഗ്യമായവയും 155 എണ്ണം വിവിധ അറ്റകുറ്റപ്പണികൾ വേണ്ടതിനാൽ സർവ്വീസ് നടത്താൻ സാധിക്കാത്തവയും ആണ്. |
| (സി) | പ്രസ്തുത ബസുകൾക്ക് നിർമ്മാണ വൈകല്യങ്ങളുണ്ടോ എന്നതുൾപ്പെ ടെയുള്ള സുരക്ഷാ പരിശോധന നടത്താൻ നിർദ്ദേശം നൽകുമോ? | (സി) | കെ.യു.ആർ.ടി.സിയുടെ ബസ്സുകൾ കേന്ദ്ര നഗര വികസന മന്ത്രാലയം അംഗീകരിച്ച അർബൻ ബസ്സ് സ്പെസിഫിക്കേഷൻ II (UBS II), AIS 052, CMVR അനുശാസിക്കുന്ന എല്ലാ സുരക്ഷാമാനദണ്ഡങ്ങളും പാലിച്ച് വാഹന നിർമ്മാതാക്കൾ പൂർണ്ണമായി നിർമ്മിച്ചു നല്കിയ ബസ്സുകളാണ്. സുരക്ഷാ മാനദണ്ഡങ്ങളായ Emergency door, Fire extinguishers, automatic pneumatic passenger door തുടങ്ങിയ സംവിധാനങ്ങൾ ഈ ബസ്സു കൾക്കുണ്ട്. ഈ ബസ്സുകൾക്ക് നിർമ്മാണ വൈകല്യങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ